(Pages : 4) **S – 3585**

Reg. No. : .............................

Name : ..................................

**Third Semester B.A. Degree Examination, February 2024**

**Career Related First Degree Programme under CBCSS**

**Malayalam and Mass Communications**

**Complementary Course**

**MX 1331 : വിവർത്തന താരതമ്യപഠനം പ്രായോഗിക പരിശീലനം**

**(2021 Admission Onwards)**

St.Xavier's College

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരം എഴുതുക.

1. When the doors of heaven open എന്നത് ആരുടെ കഥയുടെ തർജ്ജമയാണ്?

2. The hen that lays the golden egg എന്നതിനു ഇംഗ്ലീഷിൽ നൽകാവുന്ന തർജ്ജമയേത്?

3. കാഞ്ചനസീത നാടകം എഴുതിയതാരാണ്?

4. Salt എന്ന പേരിൽ ഒ.എൻ.വി. കുറുപ്പിന്റെ കവിത തർജ്ജമ ചെയ്തതാരാണ്?

5. ഒഴിമുറി എന്നതിന് ഏറ്റവും യോജിച്ച ഒരു വിവർത്തനം നൽകുക.

6. Blackhole എന്നതിന് മലയാളത്തിൽ ഏറ്റവും പ്രചാരം ലഭിച്ച വിവർത്തനം ഏതാണ്?

P.T.O.

7. ആർ.ഇ. ആഷർ മലയാളത്തിലേക്ക് ബഷീറിന്റെ എത്ര നോവലുകൾ തർജ്ജമ ചെയ്തിട്ടുണ്ട്?

8. അബ്ദുൾ കലാമിന്റെ ആത്മകഥ, Wings of fly ഏതു പേരിലാണ് പി.വി. ആൽബി തർജ്ജമ ചെയ്തത്?

9. Community health center എന്നതിന് മലയാളത്തിൽ പ്രചരിക്കുന്ന പദമെന്താണ്?

10. കാഞ്ചനസീത നാടകം ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തതാരാണ്?

**(10 × 1 = 10 Marks)**

II. **അമ്പതു** വാക്കിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. ഭരണഭാഷാരംഗത്ത് വിവർത്തനത്തിന്റെ സ്ഥാനമെന്താണ്?

12. പേരേട്, കീഴ്ക്കോടതി എന്നിവയ്ക്ക് ഉചിതമായ മലയാള പദം നൽകുക.

13. നോട്ടു കുറിക്കുക : വിവർത്തനവും മലയാളഭാഷയുടെ നവീകരണവും.

14. Just say No to plastic bags എന്നത് മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

15. ഉരുളക്കുപ്പേരി ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യുക.

16. This is a lucky mole! എന്നതിന് സമാനമായി ബഷീർ പ്രയോഗിച്ചിട്ടുള്ള പദം എന്താണ്? ഉചിതവിവർത്തനമായോ? വിലയിരുത്തുക.

17. അഗ്നിച്ചിറകുകളുടെ വിവർത്തനത്തിൽ സ്വീകരിച്ചിട്ടുള്ള സമീപനം വിലയിരുത്തുക.

St. Xavier's College

18. 'നിന്നിലെയുപ്പായിരിക്കുമേ മുത്തശ്ശിയെന്നും' എന്നതിന് നൽകിയ വിവർത്തനം മൂലവരികളുമായി താരതമ്യം ചെയ്യുക.

19. നോട്ടു കുറിക്കുക : കാവ്യ വിവർത്തനം.

20. കാഞ്ചനസീതയുടെ തുടക്കത്തിൽ നൽകിയിരിക്കുന്ന സംസ്കൃത ശ്ലോകത്തോട് വിവർത്തകൻ പുലർത്തുന്ന സമീപനത്തിന്റെ സാംഗത്യം എന്താണ്?

21. ലിപ്യന്തരണം എന്നാലെന്ത്?

22. വിവർത്തനം ആവശ്യമോ?

**(8 × 2 = 16 Marks)**

III. നൂറു വാക്കിൽ കവിയാതെ ആറു ചോദ്യത്തിന് ഉത്തരം എഴുതുക.

23. ശാസ്ത്ര സാങ്കേതിക വിവർത്തനത്തിൽ സ്വീകരിക്കേണ്ട സമീപനമെന്ത്?

24. പൊന്നുംവില ആഫീസർ, കരം പിടിച്ച്, ലേലം കൊള്ളുന്നവൻ, താഴെക്കാണും പ്രകാരം എന്നിവ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുക.

25. 'തുലാമാസത്തിൽ അരയ്ക്കു മാത്രം ആഴത്തിൽ ഒഴുകുന്ന പുഴയുടെ ദുർഗ്ഗതിയെപ്പറ്റിയാണു കുട്ടി നാരായണൻ ആലോചിച്ചു പോയത്. ഇപ്പോൾ ഇതാണ് സ്ഥിതിയെങ്കിൽ ദേശക്കാർ കഷ്ടപ്പെട്ടതു തന്നെ. പക്ഷേ എല്ലാ വീട്ടിലും ആണുങ്ങളും പെണ്ണുങ്ങളും കുളിമുറിയിൽ കയറിയാണിപ്പോൾ കുളി. പതിവായി ഈ നേരത്ത് കുളിക്കാനെത്തുന്ന പമ്പ് ഹൗസിലെ ക്രിസ്ത്യാനിയേയും കാണുന്നില്ല' - ഈ ഭാഗത്തിന്റെ ഇംഗ്ലീഷ് വിവർത്തനം വി. അബ്ദുല്ല നടത്തിയിരിക്കുന്നത് വിലയിരുത്തുക.

26. 'My darling Kunjupathumma, you are the darling daughter of Anamakkar 'Yer grandad, ad an elephant ! a hunge tusker ! : ഈ സംഭാഷണഭാഗം ബഷീർ എങ്ങനെയാണ് എഴുതിയിരിക്കുന്നത്? വിവർത്തനത്തിൽ വരുത്തിയ മാറ്റങ്ങളേവ?

St. Xavier's College

27. കാവ്യവിവർത്തനം എഴുപ്പമാണോ?

28. സംഭാഷണങ്ങളുടെ വിവർത്തനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളേവ?

29. നാടകവിവർത്തനം വിജയിക്കുന്നതെപ്പോഴാണ്? ഉദാഹരണസഹിതം വ്യക്തമാക്കുക.

30. Then one day I saw the sea:
rolling on bare earth,
drowning in the endless flow
of the milk that squirted from her breast
at the thought of her lost child. മൂലഭാഗവുമായി താരതമ്യം ചെയ്യുക.

31. വിവർത്തനം എന്ന പഠനശാഖയുടെ പ്രാധാന്യം എന്താണ്?

**(6 × 4 = 24 Marks)**

IV. മുന്നൂറു വാക്കിൽ കവിയാതെ രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

32. സാഹിത്യേതര ഗദ്യത്തിന്റെ വിവർത്തനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം? ഉദാഹരണസഹിതം വ്യക്തമാക്കുക.

33. ആർ.ഇ. ആഷർ ബഷീറിന്റെ വിവർത്തനത്തിൽ നേരിട്ട പ്രശ്നങ്ങൾ വ്യക്തമാക്കുക.

34. ഒ.എൻ.വി.യുടെ ഉപ്പ് എന്ന കവിതയുടെ വിവർത്തനം വിജയിച്ചിട്ടുണ്ടോ? കാവ്യവിവർത്തനം ഉയർത്തുന്ന വെല്ലുവിളികൾ എന്തൊക്കെയാണ്?

35. നാടകത്തിന്റെ വിവർത്തനത്തിൽ പുലർത്തേണ്ട സൂക്ഷ്മത എന്തെല്ലാമാണ്? പാഠഭാഗം മുൻനിർത്തി ചർച്ച ചെയ്യുക.

**(2 × 15 = 30 Marks)**

---

St.Xavier's College